# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2559 18/06/2014 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. അംഗത്വമുള്ളവർക്കുള്ള ചികിത്സാ സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) ഇ.എസ്.ഐ. പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) ഇ.എസ്.ഐ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് അലോപ്പതി, ആയുർവേദം എന്നീ ചികിത്സാ സംവിധാനങ്ങൾ നിലവിലുണ്ട്. ഇ.എസ്.ഐ ഡിസ്പെൻസറികളിൽ നിന്നും ഔട്ട്പേഷ്യന്റ് വിഭാഗ ചികിത്സയും, ഇ.എസ്.ഐ ആശുപത്രികളിൽ നിന്നും ഇൻപേഷ്യന്റ് വിഭാഗത്തിലെ ചികിത്സയും ലഭ്യമാണ്. ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി നിരവധി സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. |
| ബി) ഏതെല്ലാം ആശുപത്രികളും ഡയഗ്നോസ്റ്റിക് സെന്ററുകളും ആണ് എംപാനൽ ചെയ്തിട്ടുള്ളതെന്നും, ഇവയിൽ ഓരോന്നിൽ നിന്നും ഏതെല്ലാം ചികിത്സകളും പരിശോധനകളും ലഭ്യമാണെന്നും വിശദമാക്കാമോ; | ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) ഒരു സാമ്പത്തിക വർഷത്തെ ചികിത്സയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ: എങ്കിൽ എത്ര രൂപ; | സി) പരിധി നിശ്ചയിച്ചിട്ടില്ല. |
| ഡി) ഇ.എസ്.ഐ. അംഗങ്ങൾക്ക് എംപാനൽസ് ആശുപത്രികളേയും ഡയഗ്നോസ്റ്റിക് സെന്ററുകളേയും നേരിട്ടു സമീപിക്കാൻ കഴിയുമോ; | ഡി) സാധാരണ കേസുകളിൽ നേരിട്ട് സമീപിക്കാൻ കഴിയില്ല. ഇ.എസ്.ഐ ഡിസ്പെൻസറികളിലും ആശുപത്രികളിലും ഹാജരാകുവാൻ കഴിയാത്ത തരത്തിലുള്ള അടിയന്തിര സാഹചര്യത്തിൽ മാത്രം എംപാനൽഡ് ആശുപത്രികളിൽ നേരിട്ട് ചികിത്സയ്ക്ക് പോകാവുന്നതാണ്. അങ്ങനെ പോകുന്ന പക്ഷം മൂന്ന് ദിവസത്തിനകം ബന്ധപ്പെട്ട ഡിസ്പെൻസറിയിൽ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

| | | |
|---|---|---|
| ഇ) | ഇല്ലെങ്കിൽ എംപാനൽസ് ഹോസ്പിറ്റലുകളെ സമീപിക്കേണ്ടതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുമോ? | ഇ) എംപാനൽഡ് ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിനായി ഐ.പി ആദ്യം തന്റെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഡിസ്പെൻസറിയിൽ ഹാജരാകേണ്ടതാണ്. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ രോഗിയെ തൊട്ടടുത്തുള്ള ഇ.എസ്.ഐ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും അവിടെ ചികിത്സ ലഭ്യമല്ലാത്തപക്ഷം ആശുപത്രി സൂപ്രണ്ട് രോഗിയെ ഐ.പിയുടെ താല്പര്യപ്രകാരമുള്ള എംപാനൽഡ് ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. രോഗിക്ക് ഇവിടെ നിന്നും സൗജന്യമായി ചികിത്സ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**